(ബി&സി) ഉണ്ട്.

(ഡി) 100 ലക്ഷം രൂപ

(ജി&എഫ്) സപ്ലിമെന്ററി ബജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ജി) സ്വീകരിക്കുന്നതാണ്.

നെടുമ്പായിക്കുളം ഇരുമ്പു പാലത്തിന്റെ ശോചനീയാവസ്ഥ

114 (2094) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം-ചെങ്കോട്ട ദേശീയപാതയിൽ കൊല്ലം എൻ.എച്ച്. ഡിവിഷന് കീഴിൽ വരുന്ന നെടുമ്പായിക്കുളം ഇരുമ്പു പാലത്തിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പാലം പുതുക്കി പണിയുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഈ പാലം എന്നത്തേക്ക് പുതുക്കി പണിയാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ;

(ഡി) ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി&ഡി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി തുടങ്ങുന്നതാണ്.

ചെറുപുഴ-പെരള ഹിൽ ഹൈവേ

115 (2095) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുപുഴ-പെരള ഹിൽ ഹൈവേയുടെ ഏതെങ്കിലും ഭാഗത്തിന്റെ പരിഷ്കരണ പ്രവർത്തനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ ;

(സി) ഈ പ്രവൃത്തിയുടെ അലൈൻമെന്റും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ ചെറുപുഴ-പെരള ഹിൽ ഹൈവേയുടെ ചെറുപുഴ-ചിറ്റാരിക്കൽ 1st റീച്ച്. ചിറ്റാരിക്കൽ കതൻ കവല 2nd റീച്ച് എന്നീ റീച്ചുകൾക്ക് വേണ്ടി 189 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും ജി.ഒ.(ആർ.ടി.) നം.955/99/പൊമവ തീയതി 15-10-1999 പ്രകാരം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഭരണാനുമതി നൽകിയ ഭാഗത്തിന്റെ അലൈൻമെന്റും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

നാഷണൽ ഹൈവേയിൽ സിറ്റി ബൈപ്പാസുകൾ

116 (2096) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ ഏതെങ്കിലും റോഡുകൾ നാഷണൽ ഹൈവേ ആയി പ്രഖ്യാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം റോഡുകളാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ നാഷണൽ ഹൈവേയിൽ ഓരോ റോഡിന്റെയും ദൈർഘ്യം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നാഷണൽ ഹൈവേക്ക് ചുരുങ്ങിയത് എത്ര മീറ്റർ വീതിയിൽ സ്ഥലം ഉണ്ടായിരിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) എങ്കിൽ ഇതനുസരിച്ച് ഏതെല്ലാം നാഷണൽ ഹൈവേക്കാണ് ഇപ്പോൾ സ്ഥലം ലഭ്യമായിട്ടുള്ളത് എന്നറിയിക്കുമോ ;

(എഫ്) എത്ര നാഷണൽ ഹൈവേയിൽ സിറ്റി ബൈപ്പാസുകൾ പൂർത്തീകരിച്ചു കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എട്ട് റോഡുകൾ ദേശീയപാതയായി പ്രഖ്യാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന് 17-3-1992-ൽ സമർപ്പിച്ചിരുന്നു. അവ താഴെ പറയുന്നവയാണ്.

1. തലശ്ശേരി - ചിത്രദുർഗ്ഗ്
2. എം. സി. റോഡ്
3. കോഴിക്കോട് - മൈസൂർ
4. കോട്ടയം - കുമിളി

LIBRARY ARCHIVES Kerala Legislative Assembly